എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കേസാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആരാണ് കേസ് കൊടുത്തത്;

(ബി) ഇതിനെതിരെ ശശിധരൻ നായർക്ക് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിട്ടും പോലീസ് നിരന്തരമായി പീഡിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫിഷറീസ് വകുപ്പിൽ ഇൻസ്പെക്ടറായ ഇദ്ദേഹത്തെ കള്ള ക്കേസിൽ കുടുക്കി പീഡിപ്പിക്കുന്നതിനെതിരായി അദ്ദേഹത്തിന്റെ ഭാര്യ കെ.തങ്കമണി സർക്കാരിന് നല്കിയ പരാതിയിൻമേൽ സമഗ്രമായ അന്വേ ഷണം നടത്തി ഇതിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഡി) ഈ പരാതിയിന്മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ-ഡി) രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

1. ക്രൈം നമ്പർ 85/2000 യു./എസ്. 454, 380 ഐ.പി.സി.

2. ക്രൈം നമ്പർ 244/2000 യു./എസ്.420, 465, 468, 471 ആന്റ് 34 ഐ.പി.സി. എന്നീ വകുപ്പുകൾ പ്രകാരം അംബാലികാ തമ്പുരാട്ടി മകൾ ഗിരിജാദേവി തമ്പുരാട്ടി എന്നയാളാണ് കേസ് കൊടുത്തത്. ശശിധരൻ നായരെ പോലീസ് പീഡിപ്പിച്ചിട്ടില്ല. കെ. തങ്കമണി സമർ പ്പിച്ച പരാതി അന്വേഷണത്തിലാണ്.

100 (118) ഗുരുദേവ പ്രതിമകളുടെ ധ്വംസനം

പ്രൊഫ.സാവിത്രിലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ശ്രീനാരായണ ഗുരുദേവന്റെ ബിംബങ്ങളും പ്രതിമകളും ശ്രീനാരായണ ഗുരുദേവനെ സംബ ന്ധിക്കുന്ന ആരാധനാലയങ്ങളും ധ്വംസിച്ച എത്ര സംഭവങ്ങളുണ്ടായിട്ടുണ്ട്;

(ബി) ഈ സംഭവങ്ങൾ ഓരോന്നും എവിടെയെല്ലാമാണ് നടന്നത്;

(സി) ഓരോ സംഭവവും നടന്നതെന്നെല്ലാമാണ്;

(ഡി) ഈ സംഭവങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു;

(ഇ) ഇതിൽ എത്ര സംഭവങ്ങളിലെ പ്രതികളെ അറസ്റ്റ് ചെയ്തു;

(എഫ്) എത്ര കേസുകൾ ചാർജ് ചെയ്തു; ബാക്കി കേസുകൾ ചാർജ് ചെയ്യാത്തതിനുള്ള കാരണമെന്താണ്?

ഉത്തരം

(എ) 23 സംഭവങ്ങളുണ്ടായിട്ടുണ്ട്.

(ബി, സി)

1) 16.4.98 ന് വെള്ളറടയ്ക്കടുത്ത് പാലിയോട്

LIBRARY ARCHIVES Kerala Legislative Assembly

2) 17.2.2000 ന് നെയ്യാറ്റിൻകര

3) 24.4.2000 ന് ബാലരാമപുരത്തിനടുത്ത് കട്ടച്ചൽക്കുഴി.

4) 1.1.99 ന് കടക്കാവൂരിനടുത്ത് കേന്ദ്രമുക്ക്.

5) 17.9.99 ന് വർക്കലയ്ക്കടുത്ത് നെടുമ്പാറമ്പ്

6) 15.5.2000-ന് മുട്ടത്തറ എസ്.എൻ.ഡി.പി. ശ്മശാനത്തിന് സമീപം.

7) 4.1.2000 ന് കരുനാഗപ്പള്ളിക്കടുത്ത് ആലുംകടവ്.

8) 18.2.2000 ന് കരുനാഗപ്പള്ളിക്കടുത്ത് കൊച്ച്മാമൂട്.

9) 13.2.2000 ന് കൊല്ലം ജില്ലയിൽ ഉളിയക്കോവിൽ.

10) 10.5.2000 ന് കൊല്ലം ജില്ലയിൽ വൈദ്യശാലമുക്ക്.

11) 2.2.2000-ന് കൊല്ലം എസ്.എൻ.ഡി.പി. ആസ്ഥാനമന്ദിരത്തിന് സമീപം.

12) 9.2.2000 ന് കല്ലുവാതുക്കൽ.

13) 11.2.2000 ന് അടൂരിനടുത്ത് പൂത്താങ്കര.

14) 17.2.2000 ന് ആറന്മുള പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വെള്ളന.

15) 21.1.2000 ന് കോന്നിയിൽ പയ്യാനമൺ.

16) 8.2.2000 ന് ആലപ്പുഴ മുഹമ്മ.

17) 1.3.99 ന് പട്ടണക്കാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുതിയകാവ്.

18) 17.4.1997 ന് എരമല്ലൂർ.

19) 26.8.99 ന് ഹരിപ്പാട് കരുവാറ്റ.

20) 15.2.2000 ന് ചെങ്ങന്നൂർ.

21) 17.3.2000 ന് പാതിരാമണൽ.

22) 6.2.99 ന് മതിലകം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചെന്തിരപ്പിള്ളി.

23) 23.11.2000 ന് പനങ്ങാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നെട്ടൂർ എസ്.എൻ. ജംഗ്ഷൻ.

(ഡി) 23 കേസുകൾ.

(ഇ) 10 കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തു. മറ്റു കേസ്സുകളിൽ അന്വേഷണം നടക്കുന്നു.

(എഫ്) 9 കേസുകൾ ചാർജ് ചെയ്തു. 5 കേസുകൾ തെളിയേണ്ടും പട്ടികയിൽ ചേർത്തു. 9 കേസുകൾ അന്വേഷണാവസ്ഥയിലാണ്.

101 (119) കൂടുതൽ അക്രമങ്ങൾ ഉണ്ടായിട്ടുള്ള ജില്ല

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

2/89/05/S.M.T.

LIBRARY ARCHIVES Kerala Legislative Assembly